# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 6085 — 7/07/2014 ൽ മറുപടിക്ക്

## പഞ്ചായത്തിലെ ജീവനക്കാരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സാജു പോൾ : | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | 2013 ലെ ജനറൽ ട്രാൻസ്ഫറിന് പുലർത്തിയ അതേ മാനദണ്ഡങ്ങൾ തന്നെയാണോ 2014 ലെ ജനറൽ ട്രാൻസ്ഫറിനും പഞ്ചായത്ത് വകുപ്പിൽ തുടരുന്നതെന്ന് അറിയിക്കുമോ; | (എ) | 2013 ലെ ജനറൽ ട്രാൻസ്ഫറിന് പുലർത്തിയ അതേ മാനദണ്ഡങ്ങൾ തന്നെയാണ് 2014 ലെ ജനറൽ ട്രാൻസ്ഫറിനും പഞ്ചായത്ത് വകുപ്പിൽ തുടർന്നു വരുന്നത് |
| (ബി) | 2013 ലെ ജനറൽ ട്രാൻസ്ഫറിന് ശേഷം 2014 ലെ ജനറൽ ട്രാൻസ്ഫറിന് മുൻപ് ഡെപ്യൂട്ടേഷനിൽ തുടർന്ന് ,ശേഷം പഞ്ചായത്ത് വകുപ്പിൽ മടങ്ങി വന്ന ജീവനക്കാരിൽ അവരവരുടെ ജില്ലയിൽ തന്നെ നിയമിക്കപ്പെട്ടവർ എത്ര പേരാണ്; | (ബി) | ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>ഗ്രാമ പഞ്ചായത്ത് സെക്രട്ടറി : 3<br>ഹെഡ്ക്ലാർക്ക് :1<br>സീനിയർക്ലാർക്ക് :7 |
| (സി) | ഇവരെ ജനറൽ ട്രാൻസ്ഫർ നടത്തുമ്പോൾ ജില്ലയിലെ ജൂനിയർ ആയതിനാൽ സ്ഥലം മാറ്റുമോ ; | (സി) | അന്യത്ര സേവനത്തിൽ നിന്നും മടങ്ങി വന്ന് നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്റ്റേഷനിൽ തുടരുന്ന ജൂനിയർ ഉദ്യോഗസ്ഥരെ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലം മാറ്റാറുണ്ട് |
| (ഡി) | ഇങ്ങനെ നിയമിച്ചു തൽസ്ഥാനത്ത് ഇപ്പോഴും തുടരുന്ന ജീവനക്കാരുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | 2013 ലെ ജനറൽ ട്രാൻസ്ഫറിന്റെ ക്യൂ ലിസ്റ്റ് പ്രകാരം ജീവനക്കാർ ആവശ്യപ്പെട്ട അതാതു ആഫീസിൽ സ്ഥലം മാറ്റത്തിനായി ഊഴം കാത്തിരുന്ന ജീവനക്കാരെ മറികടന്നുകൊണ്ടു 2014 ലെ ജനറൽ ട്രാൻസ്ഫറിന് മുൻപ് മറ്റ് ആരെയെങ്കിലും സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ